(എ) കെൽട്രോണിന്റെ ഉല്പന്നങ്ങൾ വിൽക്കുന്നതിന് ഏതെല്ലാം വിദേശരാജ്യങ്ങളിൽ ഏജൻസി ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഗൾഫ് രാജ്യങ്ങളിൽ ഈ വർഷം ഇതുവരെ എന്തു തുകയ്ക്കുള്ള കെൽട്രോൺ ഉല്പന്നങ്ങൾ വിറ്റിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) കെൽട്രോൺ ഉല്പന്നങ്ങൾ ഗൾഫ് രാജ്യങ്ങളിൽ വില്പന നടത്തുന്നതിന് ഏജൻസികളെ അന്വേഷിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അതിന്റെ ഫലമെന്ത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇപ്പോൾ ഒരു വിദേശ രാജ്യത്തും ഏജൻസിയില്ല.

(ബി) ഗൾഫ് രാജ്യങ്ങളിൽ ഈ വർഷം ഇതുവരെ കെൽട്രോൺ ഉല്പന്നങ്ങൾ വിറ്റിട്ടില്ല.

(സി) ഇല്ല.

(ഡി) സി-യിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യമുദിക്കുന്നില്ല.

കെൽട്രോണിൽ നിന്ന് വി. ആർ. എസ്. വഴി പിരിഞ്ഞു പോയവർക്ക് നൽകുന്നതിന് കടമെടുത്ത തുക

24 [5580] ശ്രീ. എ. സുജനപാൽ:
,, വർക്കല കഹാർ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിൽ നിന്ന് വി. ആർ. എസ്. വഴി പിരിഞ്ഞു പോയവർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ നൽകുന്നതിനായി എന്ത് തുക കടമെടുക്കുകയുണ്ടായി എന്ന് വെളിപ്പെടുത്താമോ;

(ബി) വി. ആർ. എസ്. നൽകിയതിന്റെ ഫലമായി പ്രതിവർഷം ലാഭമെത്രയാണ്;

(സി) വി. ആർ. എസ്. നൽകുന്നതിന് കടമെടുത്ത തുകയുടെ പലിശയിനത്തിൽ എന്തു തുക പ്രതിവർഷം നൽകേണ്ടതുണ്ട് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 26.82 കോടി രൂപ.

(ബി) ശമ്പളത്തിൽ പ്രതിവർഷം 480 ലക്ഷം രൂപയുടെ കുറവുണ്ടായി. എന്നാൽ വി. ആർ. എസ്.-ന് വേണ്ടി കടമെടുത്ത തുകയുടെ പലിശയിനത്തിൽ പ്രതിവർഷം 353.60 ലക്ഷം രൂപയുടെ ബാദ്ധ്യതയുണ്ട്. അതിനാൽ 126.40 ലക്ഷം രൂപയുടെ ലാഭമാണ് ഉണ്ടായിട്ടുള്ളത്.

(സി) പ്രതിവർഷം 353.60 ലക്ഷം രൂപ.

കെൽട്രോണിൽ നിന്നും വി. ആർ. എസ്. വഴി പിരിഞ്ഞവർ

25 [5581] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ സ്ഥാപനങ്ങളിൽ ആകെ എത്ര ജീവനക്കാരാണ് വി. ആർ. എസ്. ഓപ്റ്റ് ചെയ്ത് ജോലിയിൽ നിന്നും പിരിഞ്ഞത്; വിശദാംശം നൽകുമോ;

(ബി) ഇവർക്കു നിശ്ചയിച്ചിരുന്ന ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകിയിട്ടുണ്ടോ; കാലതാമസം നേരിടുന്നതായി എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇവ ഓരോന്നിലും എന്തു നടപടി സ്വീകരിച്ചു;

(സി) വി. ആർ. എസ്. ഓപ്റ്റു ചെയ്ത് പിരിഞ്ഞുപോയവർക്ക് ഇനിയും കുടിശ്ശിക ഇനത്തിൽ നൽകേണ്ട ആകെ തുക എത്രയാണെന്നു കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇത് എന്നത്തേക്ക് നൽകാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ഇലക്ട്രോണിക്സ് വികസന കോർപ്പറേഷൻ ലിമിറ്റഡിൽ വി. ആർ. എസ്.ഓപ്റ്റു ചെയ്തു പിരിഞ്ഞു പോയവരുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

കെ. എസ്. ഇ. ഡി. സി.—വി. ആർ. എസ്. 2000 പദ്ധതി

എക്സിക്യൂട്ടീവ്സ്	..	192
സൂപ്പർവൈസേഴ്സ്	..	11
വർക്ക്മെൻ	..	377
കാഷ്വൽ/ടെമ്പററി ജീവനക്കാർ	..	42
ആകെ	..	622

LIBRARY ARCHIVES Kerala Legislative Assembly